**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6176** **09-11-2021 - ൽ മറുപടിയ്ക്ക്**

**ഞാറക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും മത്സ്യഫെഡിന്റെ കൈവശമുള്ളതുമായ ഞാറക്കൽ, മാലിപ്പുറം അക്വേറിയം ഫാമുകൾ എത്ര ഹെക്ടർ സ്ഥലത്താണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും മത്സ്യഫെഡിന്റെ കൈവശമുള്ളതമായ ഫിഷ് ഫാമുകളായ ഞാറയ്ക്കൽ 18 ഹെക്ടർ, മാലിപ്പുറം 21 ഹെക്ടർ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. |
| (ബി) | മത്സ്യഫെഡിന് കീഴിലുള്ള ഞാറക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാനും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനായി ജിറ്റ്പാക് ഇന്റർനാഷണൽ എന്ന കൺസൽട്ടൻസിയുമായി മത്സ്യഫെഡ് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; | (ബി) | കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ കരാർ പ്രകാരം എത്ര ഹെക്ടർ സ്ഥലമാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | കരാർ പ്രകാരം ഞാറയ്ക്കൽ 14.60 ഹെക്ടറും, മാലിപ്പുറം 16.70 ഹെക്ടറും സ്ഥലമാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിൽ എത്തിനിൽക്കുന്ന ഞാറക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള ഞാറക്കൽ ഫാമിലെ സ്ഥലത്തുനിന്നും അഡാക്കിന് സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | ഞാറയ്ക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളെ സംയോജിപ്പിക്കുകൊണ്ടുള്ള മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള ഞാറയ്ക്കൽ ഫാമിൽ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 5 വർഷത്തേയ്ക്ക് അക്വാകൾച്ചർ ഡെവല്പ്പ്മെൻറിനായി അഡാക്കിനു പാട്ടത്തിനു നൽകുന്നതിനായി സ.ഉ. (സാധാ) നം.740/2020/ മ.ഉ.വ തീയതി 22.12.2020 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട് . |
| (ഇ) | പ്രസ്തുത ഉത്തരവിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ഇ) | സർക്കാർ ഉത്തരവു പ്രകാരം അഡാക്കിന് അനുവദിച്ച സ്ഥലം അഡാക്കിന്റെയും ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെയും ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധിച്ച് പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ പ്ലാൻ, ലേ ഔട്ട് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | പദ്ധതിയുമായി ബന്ധപ്പെട്ട് Detailed Project Report തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | അക്വാടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലത്തുനിന്ന് അഡാക്കിന് സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തീരുമാനം മാസ്റ്റർ പ്ലാനിന് അനുമതി ലഭ്യമാകുന്നതിനെ ബാധിക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എഫ്) | മാസ്റ്റർ പ്ലാനിന്റെ കരട് ചർച്ച ചെയ്യുന്ന മുറയ്ക്ക് ഈ വിഷയം കൂടി പരിഗണിച്ച് മാസ്റ്റർ പ്ലാൻ അന്തിമമാക്കുന്നതാണ്. ആയതിനാൽ അനുമതി ലഭ്യമാക്കുന്നതിന് തടസ്സമാകുകയില്ല. ഇത് സംബന്ധിച്ച് പഠനം നടത്തിട്ടില്ല. കരട് അംഗീകരിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

233

File No.FandP-C1/179/2020-FandP

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറയ്ക്കൽ ഫാമിൽ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 5 വർഷത്തേക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ.(സാധാ) നം.740/2020/മ.തു.വ തീയതി,തിരുവനന്തപുരം, 22/12/2020

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 12-10-2020, 3-11-2020 തീയതികളിലെ കെ1/2429/2020 നമ്പർ കത്ത്.

ഉത്തരവ്

ഞാറയ്ക്കൽ ഫാമിൽ മത്സ്യഫെഡിന്റെ അക്വേറിയം ഫാം സ്ഥിതി ചെയ്യുന്ന സ്ഥലം ഒഴികെ ഉപയോഗിക്കാത്ത സ്ഥലം ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത് അഡാക്ക് മുഖേന ശരിയായ രീതിയിൽ വിനിയോഗിക്കുന്നത് സംബന്ധിച്ച് തീരുമാനം ബഹു. ഫിഷറീസ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19/05/2018, 14/11/2018 എന്നീ തീയതികളിൽ നടന്ന യോഗത്തിൽ കൈക്കൊണ്ടിരുന്നുവെന്നും, ഇതിൻപ്രകാരം മൊത്തമുള്ള 16.33 ഹെക്ടർ സ്ഥലത്തു നിന്നും 5.8 ഹെക്ടർ സ്ഥലം കൈമാറി നൽകണമെന്ന് അഡാക്ക് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും, ശേഷിക്കുന്ന 10.53 ഹെക്ടർ സ്ഥലവും നിലവിലുള്ള 5.30 ഹെക്ടർ സ്ഥലവും മത്സ്യഫെഡിന്റെ ഭാവിയിലുള്ള പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണെന്നും, ആയതിനാൽ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറയ്ക്കൽ ഫാമിൽ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 5 വർഷത്തേക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് അനുവദിക്കുന്നതിലേക്കുള്ള നടപടി സ്വീകരിക്കണമെന്നും ഫിഷറീസ് ഡയറക്ടർ മേൽ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറയ്ക്കൽ ഫാമിൽ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 5 വർഷത്തേക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് അനുവദിക്കുന്നതിനായുള്ള ഫിഷറീസ് ഡയറക്ടറുടെ ശുപാർശ അംഗീകരിച്ച് ഉത്തരവാകുന്നു. ടി സ്ഥലം അഡാക്കിന് പാട്ടത്തിനു നൽകുന്നതിനായുള്ള തുടർ നടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
ഡെപ്യൂട്ടിസെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്ക്
മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sheela

സെക്ഷൻ ഓഫീസർ